(ii) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പി.പി.പി. നയരൂപീകരണം

3 (*303) ശ്രീ. കെ. വി. വിജയദാസ് :

,, എ. പ്രദീപ്കുമാർ :

,, സി. കൃഷ്ണൻ :

,, എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൻ കീഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പി.പി.പി നയത്തിനു അന്തിമ രൂപം ആയിട്ടുണ്ടോ;

(ബി) സേവന മേഖലാ പദ്ധതികളുടെ ആകെ മുതൽ മുടക്കിന്റെ എത്ര ശതമാനം വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി നൽകാനുദ്ദേശിക്കുന്നു;

(സി) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ എത്ര പദ്ധതികൾ പി.പി.പി. നയത്തിന്റെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നു. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുന്നതിനായി എത്ര തുക ഏത് ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ട്;

(ഡി) നിലവിലുള്ള സ്വകാര്യ പങ്കാളിത്ത പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുയർന്നുവന്ന പ്രശ്നങ്ങൾ കൂടി വിലയിരുത്തിക്കൊണ്ടാണോ പുതിയ നയത്തിന് രൂപം നൽകിയിരിക്കുന്നത്;

(ഇ) ടൂറിസം വകുപ്പ് താജ് ഗ്രൂപ്പുമായും മറ്റും സംയുക്ത സംരംഭത്തിലേർപ്പെട്ട പദ്ധതികളുമായി ബന്ധപ്പെട്ട് സി & എ.ജി. ഉന്നയിച്ചിരുന്ന വിമർശനങ്ങൾ എന്തെല്ലാമായിരുന്നു എന്ന് പരിഗണിക്കുകയുണ്ടായോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) പി.പി.പി. നയത്തിന്റെ അന്തിമ രൂപം ആയിട്ടില്ല. ആയത് സർക്കാർ പരിഗണനയിലാണ്.

(ബി - ഡി) ബാധകമല്ല.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly